I ഇ.ബി. XIII-കേരള നിയമസഭ/XIV-1

**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂൺ 8, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2015 ജൂൺ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ചരമോപചാരം**

**നഫീസത്ത് ബീവിയുടെ നിര്യാണം**

മുൻ ഡെപ്യൂട്ടി സ്പീക്കർ നഫീസത്ത് ബീവിയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം

എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**ചെയർമാന്മാരുടെ പാനൽ**

സർവ്വശ്രീ കെ. ശിവദാസൻ നായർ, കെ.എൻ.എ. ഖാദർ, രാജു എബ്രഹാം എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**റൂളിംഗ്**

**ചോദ്യങ്ങൾ അനുവദിക്കാത്തത് സംബന്ധിച്ച്**

മി. സ്പീക്കർ: സർവ്വശ്രീ എ. കെ. ബാലനും കോടിയേരി ബാലകൃഷ്ണനും ചോദ്യങ്ങൾ അനുവദിക്കാത്തതു സംബന്ധിച്ച് ക്രമപ്രശ്നം എഴുതിത്തന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എ.കെ. ബാലൻ ചോദ്യോത്തര സമയത്ത് അത് ഉന്നയിക്കുകയും ചെയ്തു. ചട്ടം 36-ന്റെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ ചോദ്യങ്ങൾ അനുവദിക്കുന്നത്. ചട്ടം 36 (2) (സി)പ്രകാരം ചോദ്യത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തികരമായ സ്റ്റേറ്റുമെന്റുകളോ ഉണ്ടാകരുതെന്നും (ഡി) വകുപ്പ് പ്രകാരം അഭിപ്രായപ്രകടനത്തിനായി ചോദ്യങ്ങൾ ചോദിക്കരുതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. കോടിയേരി

ബാലകൃഷ്ണൻ നോട്ടീസ് നൽകിയ ചോദ്യം മേൽപ്പറഞ്ഞ വകുപ്പുകളുടെ പരിധിയിൽ വരുന്നതിനാലാണ് അനുമതി നിഷേധിച്ചത്. ബാർ കോഴക്കേസുമായി ബന്ധപ്പെട്ട് കോടതിയിൽ ഹർജി നൽകിയതിന്റെയും ക്രിമിനൽ നടപടി നിയമം 164-ാം വകുപ്പനുസരിച്ച സ്റ്റേറ്റ്മെന്റ് കോടതി മുമ്പാകെ സമർപ്പിച്ചതിന്റെയും അടിസ്ഥാനത്തിലാണ് വിജിലൻസ് നടപടി സ്വീകരിച്ചിട്ടുള്ളത്. നിയമസഭാ നടപടി ചട്ടം 36(2)(റ്റി) പ്രകാരം നീതിന്യായ കോടതിയുടെ പരിഗണനയിലുള്ള വിഷയം സംബന്ധിച്ച് ചോദ്യങ്ങൾ അനുവദിക്കാറില്ല. ആയതിനാലാണ് ശ്രീ. എ.കെ. ബാലന്റെ ചോദ്യത്തിന് അനുമതി നിഷേധിച്ചത്.

## അടിയന്തര പ്രമേയം

### <u>ബാർ കോഴ</u>

<u>മി. സ്പീക്കർ</u>: എക്സൈസ് വകുപ്പുമന്ത്രിക്ക് 10 കോടി രൂപ കോഴ നൽകിയതിന്റെ തെളിവുകളുമായി ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേഷ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ ക്രിമിനൽ നടപടി നിയമം 164-ാം വകുപ്പ് അനുസരിച്ച് മൊഴി നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മന്ത്രി ശ്രീ. കെ. ബാബുവിനെതിരെ പ്രത്യേക എഫ്.ഐ.ആർ. ഇട്ടുകൊണ്ടുള്ള ത്വരിത അന്വേഷണം

നടത്താതിരിക്കുകയും ശ്രീ. കെ.എം. മാണിക്കെതിരെയുള്ള കുറ്റപത്രം സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 01-11-2014-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിടുകയും പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ പുരോഗതി ഹൈക്കോടതി പരിശോധിച്ചിട്ടുള്ളതുമാണ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് -I, തെരഞ്ഞെടുക്കപ്പെട്ട ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർ, സർക്കിൾ ഇൻസ്പെക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി

രൂപീകരിച്ച അന്വേഷണ സംഘം ഇൻവെസ്റ്റിഗേഷൻ നടത്തിവരികയും അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് വിജിലൻസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതുമാണ്. സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ അന്വേഷണമാണ് നടന്നുവരുന്നത്. 164 സി.ആർ.പി.സി. അനുസരിച്ചുള്ള സ്റ്റേറ്റുമെന്റിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരായ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ പ്രാഥമികാന്വേഷണത്തിന് ഉത്തരവിടുകയും വിജിലൻസ് എറണാകുളം യൂണിറ്റ് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരികയുമാണ്. അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: 2015 മാർച്ച് 30-നാണ് ശ്രീ. ബിജു രമേശ് തിരുവനന്തപുരം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ്- II മുമ്പാകെ രഹസ്യമൊഴി നൽകിയത്. കേസ് രജിസ്റ്റർ ചെയ്ത് 70 ദിവസം കഴിഞ്ഞിട്ടും ഒരന്വേഷണവും നടത്താൻ സർക്കാർ തയ്യാറായിട്ടില്ല. എഫ്.ഐ.ആർ തയ്യാറാക്കി അന്വേഷണം നടത്തേണ്ട ഒരു കാര്യമാണ് ക്രിമിനൽ നടപടി നിയമം 164-ാം വകുപ്പനുസരിച്ച് കോടതി മുമ്പാകെ വന്നിരിക്കുന്നത്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ നിയമപരമായി പ്രവർത്തിക്കാൻ സർക്കാർ അനുവദിക്കുന്നില്ല. 25 ലക്ഷം രൂപയായിരുന്ന

ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയാക്കി കുറച്ചുകൊടുത്തതുവഴി എക്സൈസ് വകുപ്പുമന്ത്രി കൈക്കൂലി വാങ്ങിയെന്നാണ് കോടതിയിൽ സമർപ്പിച്ച രേഖ. സംസ്ഥാന ഖജനാവിന് വലിയ സാമ്പത്തിക നഷ്ടം വരുത്തുകയും ഭരണകൂട സംവിധാനത്തെയാകെ ദുരുപയോഗപ്പെടുത്തിയിരിക്കുകയുമാണ്. ശ്രീ. കെ. എം. മാണിക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് എട്ട് മാസം കഴിഞ്ഞിട്ടും വിജിലൻസ് ഉദ്യോഗസ്ഥർ തയ്യാറാക്കിയ കുറ്റപത്രം ഇതുവരെ കോടതിയിൽ സമർപ്പിച്ചിട്ടില്ല. അടച്ചുപൂട്ടിയ ബാറുകൾ തുറക്കാനായി അഞ്ച് കോടി രൂപ കൈക്കൂലി ആവശ്യപ്പെട്ടത് അഴിമതി നിരോധന നിയമമനുസരിച്ച് ഏഴ് കൊല്ലം ജയിലിൽ കിടക്കേണ്ട കുറ്റമാണ്. ശ്രീ. കെ. എം. മാണിയെ നുണപരിശോധനയ്ക്ക് വിധേയനാക്കണം. ഈ കേസിന്റെ മേൽനോട്ട ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകിയപ്പോൾ കേസിന്റെ ചുമതലയിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കണം. ഒരു ലീഗൽ കൗൺസിൽ ഇതിൽ ഇടപെടേണ്ട യാതൊരു ആവശ്യവുമില്ലെന്ന സുപ്രീംകോടതി വിധി നിലനിൽക്കെ പ്രോസിക്യൂട്ടറോട് നിയമോപദേശം ആവശ്യപ്പെടുന്നതിൽ ഒരു ന്യായീകരണവുമില്ല. ഈ കേസ് നിലനിൽക്കുന്നതല്ലെന്ന് പറഞ്ഞിരിക്കുന്ന വിജിലൻസിന്റെ ലീഗൽ അഡ്വൈസറുടെ നിയമോപദേശം

മേശപ്പുറത്ത് വയ്ക്കണം. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിയമപരമായി പ്രവർത്തിക്കാൻ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. ബാർ ഉടമകളെ സ്വാധീനിക്കുന്നതിന് വേണ്ടിയാണ് ബിയർ-വൈൻ പാർലർ ലൈസൻസ് കൊടുക്കാൻ തീരുമാനിച്ചത്. പ്രസ്തുത ലൈസൻസ് ലഭ്യമാകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമായതിനാൽ ചട്ടം ഭേദഗതി ചെയ്തിരിക്കുകയാണ്. ശ്രീ. കെ. എം. മാണിക്കെതിരെ വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും കോടതിയുടെ പരിശോധനയ്ക്ക് വിട്ടുകൊടുക്കാതെ സർക്കാരിന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരെ ഉപയോഗിച്ചുകൊണ്ട് ഈ കേസ് മുഖ്യമന്ത്രി ഇടപെട്ട് അട്ടിമറിച്ചിരിക്കുകയാണ്. സുപ്രീംകോടതി വിധി ലംഘിച്ചുകൊണ്ടുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രതിപക്ഷം അംഗീകരിക്കുന്നില്ലെങ്കിലും ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുക്കും. ബാർ കോഴ വിഷയം നിലനിൽക്കുന്ന സാഹചര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആ സ്ഥാനത്ത് തുടരുന്നത് ശരിയല്ല. എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയുള്ള കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണം. ബാർ കുംഭകോണം സംബന്ധിച്ച എല്ലാ തെളിവുകളും പുറത്തുവന്ന സാഹചര്യത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയാണ് പ്രതിപക്ഷം ആരോപണം ഉന്നയിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിക്കെതിരെയുള്ള ആരോപണത്തിന്മേൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. ഇടുകയും എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയുള്ള ആരോപണത്തിന് അന്വേഷണം നടക്കുകയുമാണ്. ആരോപണങ്ങൾ സത്യസന്ധവും നീതിപൂർവ്വവും നിഷ്പക്ഷവുമായി പരിശോധിച്ച് അന്വേഷണത്തിൽ കഴമ്പുണ്ടെങ്കിൽ വിജിലൻസ് ആൻറ് ആന്റി കറപ്ഷൻ ബ്യൂറോ നടപടികളുമായി മുന്നോട്ട് പോകും. നിയമോപദേശം തേടുമ്പോൾ അത് രാഷ്ട്രീയ ലക്ഷ്യത്തിന് ഗുണകരമാണെങ്കിൽ അതിനെ പ്രശംസിക്കുകയും ഹാനികരമാണെങ്കിൽ ആക്ഷേപിക്കുകയും ചെയ്യുന്ന പ്രതിപക്ഷത്തിന്റെ സമീപനം ശരിയല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച അതേ വിജിൻസ് നടപടികളുമായാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. സാക്ഷിമൊഴികളുടെയും നുണപരിശോധനയുടെയും മറ്റ് തെളിവുകളുടെയും അടിസ്ഥാനത്തിൽ സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരു അന്വേഷണമാണ് വിജിലൻസ് നടത്തിക്കൊണ്ടിരിക്കുന്നത്. ബാർ കോഴക്കേസിൽ കുറ്റക്കാരെ സംരക്ഷിക്കാൻ സർക്കാർ ഒരു ശ്രമവും

നടത്തിയിട്ടില്ല. വിജിലൻസിന്റെ നടപടിക്രമങ്ങളെല്ലാം കോടതിയുടെ പരിഗണനയിൽ വരുന്നവയാണ്. അതിൽ ബാഹ്യ ഇടപെടലുകളൊന്നുംതന്നെ ഉണ്ടായിട്ടില്ല. അന്വേഷണ നടപടികൾ പൂർത്തിയാക്കി വിജിലൻസ് റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതാണ്. എക്സൈസ് വകുപ്പുമന്ത്രിക്കെതിരെയുള്ള കേസന്വേഷണം അന്തിമഘട്ടത്തിലാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഇവിടെ ഉന്നയിച്ച ആരോപണങ്ങൾ നിഷേധിക്കുന്നു. ബാർ ഹോട്ടലുകളുടെ ദൈനംദിന ബിസിനസിൽ കുറവ് വരുന്നതിനാൽ ലൈസൻസ് ഫീ കുറവ് ചെയ്യണമെന്ന ബാർ അസോസിയേഷന്റെ നിവേദനം ലഭിച്ചതിനെത്തുടർന്ന് ഫീസ് വർദ്ധനവ് അനിവാര്യമാണെന്ന് പറഞ്ഞു. ഇരുപത്തിമൂന്ന് ലക്ഷം രൂപയുടെ ശിപാർശ ക്യാബിനറ്റ് അംഗീകരിക്കുകയും ലൈസൻസ് ഫീയിൽ ഒരു ലക്ഷം രൂപ വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ ലൈസൻസ് ഫീ കുറച്ചതിന്റെ ഫലമായി സർക്കാരിന് 14 കോടി 60 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിയെന്നാണ് ഇവിടെ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ക്രിമിനൽ നടപടി നിയമം 164-ാം വകുപ്പനുസരിച്ചുള്ള സ്റ്റേറ്റുമെന്റ് പ്രകാരം

എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞ സ്ഥലത്ത് പണം എത്തിച്ചുവെന്ന് ആരോപണമുന്നയിക്കുന്നുവെങ്കിലും ആർക്കാണ് കൊടുത്തതെന്ന് പറയുന്നില്ല. ശ്രീ. ബിജു രമേശ് പത്രസമ്മേളനം നടത്തുന്ന അവസരങ്ങളിൽപ്പോലും എനിക്കെതിരെ ഒരു ആരോപണവും ഉന്നയിച്ചിട്ടില്ല. ഗവൺമെന്റിനെ താഴെയിറക്കുക എന്ന ലക്ഷ്യത്തോടെ ബാർ ഹോട്ടൽ ഉടമകളുമായി പ്രതിപക്ഷം നടത്തിയ ഗൂഢാലോചനയുടെ ഭാഗമായാണ് മന്ത്രിമാർക്കെതിരായി ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്. അടിയന്തര പ്രമേയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതവും വാസ്തവ വിരുദ്ധവുമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): ഗവൺമെന്റ് തീരുമാനപ്രകാരം 8 ബാറുകൾ അടച്ചുപൂട്ടേണ്ടിവന്ന ഒരു ബാറുടമയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ പരാമർശം രാഷ്ട്രീയപ്രേരിതമാണ്; അത് നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി

എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: വിദ്യാഭ്യാസ രംഗത്ത് പ്രത്യേകിച്ച് ഹയർ സെക്കണ്ടറി മേഖലയിൽ പുതിയതായി വിദ്യാലയങ്ങളും കോഴ്സുകളും അനുവദിച്ചത് സ്വാഗതാർഹമാണ്. അനുവദിച്ച വിദ്യാലയങ്ങൾ, കോഴ്സുകൾ എന്നിവയ്ക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിക്കണം. പ്രിൻസിപ്പൽമാരെ അഡ്മിനിസ്ട്രേറ്റീവ് ഹെഡ്ഡായിത്തന്നെ നിലനിർത്തണം. പീരിയഡ് കുറഞ്ഞതിന്റെ പേരിൽ ജൂനിയർ ലക്ചറർമാരുടെ പ്രൊമോഷൻ നിഷേധിക്കാൻ ഇടവരരുത്. ജൂനിയർ അദ്ധ്യാപകരുടെ പ്രൊമോഷൻ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2011-12 അദ്ധ്യയന വർഷത്തിൽ ആരംഭിച്ച അധിക ബാച്ചുകൾക്കായി 1809 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധിക ബാച്ചുകളിൽ ദിവസ

വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാനാണ് സർക്കാർ ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്. 2015-ലെ പ്രവേശന നടപടികൾ പൂർത്തിയായ ശേഷം മാത്രമേ പ്രസ്തുത ബാച്ചുകൾക്കും സ്കൂളുകൾക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 14-5-2004-ലെ ഉത്തരവ് പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സേവനം, ഭൗതിക സഹചര്യങ്ങൾ എന്നിവ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവർ പങ്കുവയ്ക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ഇതിലേയ്ക്കായി ക്ലാർക്കിന് 130 രൂപയും പ്യൂണിന് 60 രൂപയും സ്പെഷ്യൽ അലവൻസായി അനുവദിച്ചിട്ടുണ്ട്. എന്നാൽ പല ജീവനക്കാരും ഹയർ സെക്കണ്ടറി വിഭാഗത്തിൽ ജോലി ചെയ്യാൻ തയ്യാറാകുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ സമഗ്രവും സുഗമവുമായ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ലബ്ബാ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഓരോ സ്കൂളിനും ഒരു പ്യൂൺ, ക്ലാർക്ക് എന്നിങ്ങനെ അനുവദിക്കണമെന്ന ശിപാർശയിന്മേൽ സർക്കാരിന്റെ ധനസ്ഥിതി കൂടി കണക്കിലെടുത്ത് ഘട്ടംഘട്ടമായി അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. നിശ്ചിത

വർഷം സേവന ദൈർഘ്യമുള്ള ഹയർ സെക്കണ്ടറി സ്കൂൾ ജൂനിയർ അദ്ധ്യാപകർക്ക് എച്ച്.എസ്.എസ്.ടി-മാരായി സ്ഥാനക്കയറ്റം നൽകുന്നതുൾപ്പെടെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് ഒരു സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്മിഷൻ കഴിഞ്ഞാൽ ഒരു മാസത്തിനകം ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി അർഹതപ്പെട്ട തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## (2) അനിശ്ചിതകാല നിരാഹാര സമരം

ശ്രീ. സി. കൃഷ്ണൻ: ഹക്കിം വധക്കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ചും കേസ് സി.ബി.ഐ.യ്ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ടും സംയുക്തസമരസമിതി പയ്യന്നൂരിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 10..02..2014- ന് പയ്യന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കൊറ്റിയിൽ പള്ളിയോടു ചേർന്നുള്ള മദ്രസയുടെ മുന്നിൽ ജുമാ മസ്ജിദ് ജോലിക്കാരനായിരുന്ന യുവാവിന്റെ മൃതദേഹം കണ്ടെത്തിയതിനെത്തുടർന്ന് തളിപ്പറമ്പ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ

പ്രതികളെക്കുറിച്ചുള്ള സൂചനകളൊന്നും ലഭിക്കാത്തതിനാൽ പ്രസ്തുത കേസ് സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ട്. സി.ബി.ഐ.യിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. എ.ഡി.ജി.പി. ശ്രീ. അനന്തകൃഷ്ണൻ സംഭവസ്ഥലം സന്ദർശിക്കുകയും അന്വേഷണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. വിശദമായ അന്വേഷണത്തിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ മാത്രമേ കേസന്വേഷണം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ഇത്തരം സാഹചര്യത്തിൽ നിരാഹാര സമരം പോലുള്ള സമരമുറകൾ സ്വീകരിക്കുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല. ടി കേസിന്മേൽ ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് തയ്യാറാണ്.

**സബ്മിഷൻ**

## (1) <u>റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. പി. സി. ജോർജ്</u>: റബ്ബറിന്റെ വിലയിടിവുമൂലം കർഷർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(ശ്രീ. കെ. പി. മോഹനൻ): സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് റബ്ബർ കർഷകരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിക്കുകയും അവയൊക്കെ അംഗീകരിച്ചുകൊണ്ടുള്ള നിലപാട് കേന്ദ്രം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് മാറ്റി 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. എങ്കിലും കർഷകരെ കൂടുതൽ സഹായിക്കാനാവശ്യമായ നടപടികൾ കൃഷി വകുപ്പിന്റേയും സർക്കാരിന്റേയും ഭാഗത്തുനിന്നുമുണ്ടാകും.

## (2) പാഠപുസ്തക വിതരണം

ശ്രീ. റ്റി. വി. രാജേഷ്: പാഠപുസ്തക അച്ചടിയിൽ നിന്നും സ്വകാര്യ പ്രസ്സുകളെ മാറ്റിനിർത്തിക്കൊണ്ട് കൃത്യസമയത്ത് സ്കൂളുകളിൽ പാഠപുസ്തകമെത്തിക്കുന്നതിനും അച്ചടി വൈകിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പാഠപുസ്തകം കൃത്യമായി എന്ന് വിതരണം ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ഉറപ്പ് നൽകുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: അടിയന്തരമായി പാഠപുസ്തകവിതരണം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകളെക്കുറിച്ച്

അന്വേഷിക്കുന്നതിനും നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കെ.ബി.പി.എസ്. ആണ് എല്ലാവർഷവും പാഠപുസ്തകങ്ങൾ അച്ചടിക്കാറുള്ളത്. ഈ വർഷം മേയ് മാസത്തിൽ അവർക്ക് മുഴുവൻ പാഠപുസ്തകങ്ങളും അച്ചടിക്കാൻ സാധിക്കില്ലെന്ന വിവരം സർക്കാരിനെ അറിയിച്ചതിനെത്തുടർന്നാണ് ഗവൺമെന്റ് പ്രസ്സിനുകൂടി നൽകാൻ തീരുമാനിച്ചത്. ഗവൺമെന്റ് പ്രസ്സിന് അച്ചടിസാധനങ്ങളുടെ ലഭ്യതക്കുറവുള്ളതുകൊണ്ട് കൃത്യസമയത്തുതന്നെ പുസ്തകങ്ങൾ അച്ചടിക്കാൻ സാധിച്ചിട്ടില്ല. ഇനി 40 ലക്ഷത്തോളം പുസ്തകങ്ങൾ അച്ചടിക്കാനുണ്ട്. അത് പൂർത്തീകരിക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു.

## (3) കായലോര ടൂറിസം വികസനം

ശ്രീ. ഹൈബി ഈഡൻ: എറണാകുളം ജില്ലയിലെ കായലോര ടൂറിസം വികസിപ്പിക്കുന്നതിനും കൊച്ചി ആസ്ഥാനമാക്കി ഒരു ടൂറിസം ഹബ്ബ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): കായലോര ടൂറിസത്തിന്റെ ഭാഗമായി ഹൗസ് ബോട്ട് സർവ്വീസ് നടത്തപ്പെടുന്ന കേരളത്തിലെ

പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ കൊച്ചിയിൽ ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങളൊന്നുംതന്നെ ഇതുവരെ നടത്തിയിട്ടില്ല. വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് സാധ്യതാ പഠനം നടത്തി സമഗ്രമായ മാസ്റ്റർ പ്ലാൻ സംസ്ഥാന ടൂറിസം വകുപ്പ് തയ്യാറാക്കുന്നതാണ്.

## (4) എക്സൈസ് കോംപ്ലക്സിന്റെയും റെയ്ഞ്ച് ഓഫീസിന്റെയും നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർകോഡ് ജില്ലയിൽ എക്സൈസ് കോപ്ലക്സും ബദിയഡുക്കയിൽ റെയ്ഞ്ച് ഓഫീസും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കാസർഗോഡ് ജില്ലയിൽ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണത്തിനായി 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് ഷെഡ്യൂൾ ഓഫ് റേറ്റ് 2013 പ്രകാരമുള്ള പുതുക്കിയ റേറ്റ് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറോട് എക്സൈസ് കമ്മീഷണറേറ്റിൽനിന്നും

ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ബദിയഡുക്കയിൽ റെയ്ഞ്ച് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതാണ്.

## (5) <u>ബൈപ്പാസ് റോഡ് നിർമ്മാണം</u>

<u>ശ്രീ. സാജു പോൾ</u>: അതിരൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലമേറ്റെടുത്ത് പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)</u>: നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പെരുമ്പാവൂർ ബൈപ്പാസിനായി സർവ്വേ നടത്തിയിരുന്നു. കുന്നത്തുനാട് താലൂക്കിൽനിന്നും 10.02 ഹെക്ടർ ഭൂമി ഇനി ഏറ്റെടുക്കാനുണ്ട്. ബന്ധപ്പെട്ട ഉത്തരവുപ്രകാരം സർക്കാർ ബൈപ്പാസിന്റെ അലൈൻമെന്റ് അംഗീകരിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിർത്തി നിർണ്ണയിക്കൽ നടപടി ആരംഭിക്കുകയും ചെയ്തുവെങ്കിലും പെരുമ്പാവൂർ ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൻമേലുള്ള വിധി

പ്രകാരം ഭൂമിയേറ്റെടുക്കൽ പ്രവൃത്തി നിർത്തിവയ്ക്കുകയാണുണ്ടായത്. പിന്നീട് അലൈൻമെന്റ് പുതുക്കി നിർണ്ണയിച്ചതിനെത്തുടർന്ന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി പുനരാരംഭിച്ചുവെങ്കിലും പുതുക്കിയ അലൈൻമെന്റ് രണ്ട് വ്യക്തികളുടെ സ്വത്തുവകകളെ ബാധിക്കുമെന്ന് പറഞ്ഞ് നൽകിയ കേസിന്റെ നടപടിക്രമങ്ങളിലെ കാലതാമസംമൂലം ഭരണാനുമതിയുടെ കാലാവധി 31.3.2014-ന് അവസാനിച്ചു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനാവശ്യമായ തുകയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## (6) കുളിമാട് പാലത്തിന് ഭരണാനുമതി

ശ്രീ. പി. ടി. എ. റഹീം: കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി എന്നീ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുളിമാട് പാലത്തിന് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കുളിമാട് പാലത്തിനുവേണ്ടി കോഴിക്കോട് ജില്ലയിലെ സ്ഥലമെടുപ്പ്

നടപടികൾ പൂർത്തിയായെങ്കിലും മലപ്പുറം ഭാഗത്തെ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്നമുറയ്ക്കും ഫണ്ട് ലഭ്യതയനുസരിച്ചും പാലം പണിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (7) സി.എച്ച്.സി.ക്ക് ആവശ്യമായ തസ്തികകൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സി.എച്ച്.സി-യായി ഉയർത്തിയ കുമ്പളങ്ങി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കുമ്പളങ്ങി സി.എച്ച്.സി-യിൽ നാല് ഡോക്ടർമാരുൾപ്പെടെ 34 തസ്തികകൾ നിലവിലുണ്ട്. ഇപ്പോൾ മൂന്ന് തസ്തികകൾകൂടി അനുവദിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി, ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ വിഭാഗങ്ങളോടുകൂടിയ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ കുമ്പളങ്ങി സി.എച്ച്.സി.-യേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഡി.എം.ഒ.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഐ.പി. സൗകര്യമില്ലാത്ത പി.എച്ച്.സി.-കളിൽനിന്നും

ആവശ്യംവേണ്ട തസ്തികകൾ കുമ്പളങ്ങി സി.എച്ച്.സി-യിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) ആയുർവേദ ആശുപത്രിയിൽ കിടത്തിചികിത്സാ വിഭാഗം

ശ്രീ. വി. റ്റി. ബൽറാം: തൃത്താല നിയോജകമണ്ഡലത്തിലെ കൊഴിക്കര ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സാ വിഭാഗമാരംഭിക്കുന്നതിനും ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചുകൊണ്ട് ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഴുവൻ സമയവും പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തൃത്താല നിയോജകമണ്ഡലത്തിലെ കൊഴിക്കര ആയുർവ്വേദ ആശുപത്രിയെ കിടത്തിചികിത്സാ കേന്ദ്രമാക്കി ഉയർത്തുന്ന കാര്യം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ വിശദമായ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ 154 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്ന സന്ദർഭത്തിൽ ചാലിശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയും പരിഗണിക്കുന്നതാണ്.

## (9) സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്ക് സംവരണം

ശ്രീ. കെ. അജിത്: മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ സംവരണം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ സർക്കാർ കക്ഷി ചേരേണ്ടതുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (10) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം കൊട്ടാരംവക കെട്ടിടത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് മെച്ചപ്പെട്ട നിലയിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം

2011 വരെ പ്രവർത്തിച്ചിരുന്ന വാടകകെട്ടിടം ഒഴിഞ്ഞുകൊടുക്കേണ്ടതായി വന്നപ്പോൾ 36 മാസത്തെ കരാർ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പൈതൃക കലാകേന്ദ്രത്തിൽ പ്രവർത്തനമാരംഭിച്ചത്. ഇപ്പോൾ കരാർ കാലാവധി അവസാനിച്ചിരിക്കുകയാണ്. പ്രസ്തുത കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന ദേവസ്വം ബോർഡിന്റെ പൈതൃക കലാകേന്ദ്രത്തെ കാലോചിതമായി പരിഷ്കരിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കരാർ പുതുക്കേണ്ടതില്ലെന്നും കാലാവധി കഴിഞ്ഞതിനാൽ കെട്ടിടം ഒഴിഞ്ഞുകൊടുക്കണമെന്നും ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. സാംസ്കാരിക വകുപ്പുമന്ത്രിയുടെയും ദേവസ്വം ബോർഡ് പ്രസിഡന്റിന്റെയും സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് യോഗം വിളിച്ചുകൂട്ടി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ :

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന:

### ബോംബ് സ്ഫോടനം

കണ്ണൂർ ജില്ലയിലെ പാനൂരിൽ ബോംബ് സ്ഫോടനത്തിൽ രണ്ടുപേർ മരണപ്പെട്ടത് സംബന്ധിച്ച് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ അഞ്ചാമത് റിപ്പോർട്ടും IX, X, XIV എന്നീ നമ്പർ സബ്ജക്ട് കമ്മിറ്റികളുടെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിരണ്ട് മുതൽ മുപ്പത്തി ആറ് വരെയുള്ള റിപ്പോർട്ടുകൾ

(3) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

(4) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

**പ്രമേയം**

**<u>പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്</u>**

പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

**നിയമനിർമ്മാണ കാര്യം**

**<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>**

(1) **<u>2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ</u>**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമികനിലവാരവും മെച്ചപ്പെടുത്തുന്നതിന് സംസ്ഥാനത്ത് ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ സ്വതന്ത്രമായ സർവ്വകലാശാലയുടെ കീഴിൽ കൊണ്ടുവരികയാണെങ്കിൽ സാങ്കേതിക വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും കൂടുതൽ മേന്മ കൈവരിക്കുന്നതിനും ദേശീയ അന്തർദേശീയ ഏജൻസികളിൽ നിന്നുള്ള ധനസഹായം ലഭ്യമാക്കുന്നതിനും സാധിക്കും. പഠനം പൂർണ്ണമായും ക്രെഡിറ്റ് സമ്പ്രദായത്തിലേയ്ക്ക് മാറ്റപ്പെടുമെന്നതിനാൽ സാങ്കേതിക വിദ്യാഭ്യാസത്തിന് ആഗോളതലത്തിൽ കൂടുതൽ സ്വീകാര്യതയുണ്ടാകും. 2014-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് 2014 മേയ് 5-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ഓർഡിനൻസ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ബിൽ അവതരിപ്പിച്ച് യഥാസമയം പാസ്സാക്കാൻ സാധിക്കാത്തതിനാൽ ഓർഡിനൻസിന് പകരമായി ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## അറിയിപ്പ്

മി. സ്പീക്കർ: നാളെ മുതൽ ചേരാനിരുന്ന സമ്മേളനത്തിന്റെ ചോദ്യങ്ങൾ ഈ മാസം 29-ന് ശേഷം ചേരുന്ന ദിവസങ്ങളിൽ പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രമേയം സഭ അംഗീകരിച്ച സാഹചര്യത്തിൽ നിയമസഭാ നടപടിക്രമവും കാര്യനിർവ്വണവും സംബന്ധിച്ച ചട്ടം 46, 214 എന്നിവ താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നു. ചോദ്യങ്ങൾ സംബന്ധിച്ച പുതുക്കിയ ബുള്ളറ്റിനും കലണ്ടറും നിയമസഭാ സെക്രട്ടേറിയറ്റ് പുറപ്പെടുവിക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ: I move that - " This House resolves to disapprove The Kerala Technological University Ordinance, 2015 (Ordinance No.4 of 2015)" . ശാസ്ത്രത്തെ സാങ്കേതിക വിദ്യയിൽ നിന്നും വിഘടിപ്പിക്കുകയും വിദ്യാഭ്യാസത്തിന്റെ ഉന്നത ലക്ഷ്യങ്ങളെ അവഗണിക്കുകയും ചെയ്യുന്ന ഒരു ബില്ലാണിത്. പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകൾ ഇന്നത്തെ സർവ്വകലാശാല ഭരണത്തിന്റെ കീഴിൽ അധ:പതിച്ചിരിക്കുകയാണ്. ശാസ്ത്രത്തെയും സർവ്വകലാശാലയുടെ ഔന്നത്യത്തെയും അപമാനിക്കുന്ന ഒരു ബില്ലാണിത്. ഉയർന്ന വിദ്യാഭ്യാസ

നിലവാരവും സാമൂഹ്യ ലക്ഷ്യവുമുള്ള ശാസ്ത്ര-മാനവ പ്രതിഭകളെ നിയമിച്ച് സർവ്വകലാശാലകളുടെ അക്കാദമിക നിലവാരം ഉയർത്തണം. ദൈനംദിന കാര്യങ്ങളിൽ ഇടപെടുന്നതിന് വൈസ് ചാൻസലർക്ക് മുകളിൽ ചെയർമാനെ നിയമിക്കുന്നത് ആശാസ്യമല്ല. സർവ്വകലാശാലയുടെ അന്ത:സത്തയെ ഹനിക്കുന്ന ഒരു ബില്ലാണിത്. പുതിയ നിയമപ്രകാരം സെൽഫ് ഫിനാൻസിംഗ് കോളേജുകളെ നിയന്ത്രിക്കാൻ സാധിക്കുകയില്ല. വിദ്യാഭ്യാസ കച്ചവടമാണ് ഇവിടെ നടക്കുന്നത്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം ക്രിയാത്മകമാക്കാനും സർവ്വകലാശാലകളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കണം. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റസ് വ്യക്തമാക്കണം. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളെ നിയന്ത്രിക്കണം. സർവ്വകലാശാലകളിലെ നിയമനം പി. എസ്. സി. മുഖാന്തിരം നടത്തുന്നതിനും നിയമനങ്ങളിൽ സംവരണം ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഈ ബിൽ പ്രാവർത്തികമാകുകയാണെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബോർഡ് ഓഫ് ഗവർണേഴ്സും യോജിച്ചുപ്രവർത്തിക്കാനാകാത്ത സാഹചര്യമുണ്ടാകുകയും അദ്ധ്യാപക-വിദ്യാർത്ഥി പ്രസ്ഥാനങ്ങളൊന്നുമില്ലാതെ കോളേജുകളെല്ലാം കലാപകേന്ദ്രങ്ങളായി മാറുകയും ചെയ്യും. കോഴിക്കോട്

സർവ്വകലാശാലയിൽ പി.എ. പോസ്റ്റിനുവേണ്ടി നടന്ന പ്രത്യേക പരീക്ഷയിലും ഡിഗ്രി സർട്ടിഫിക്കറ്റിന്റെ വിതരണത്തിലും നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. ഹയർ എഡ്യൂക്കേഷൻ കൗൺസിലും സർക്കാരും തമ്മിലുള്ള തർക്കം കാരണം ദേശീയ വിദ്യാഭ്യാസ ദൗത്യ(റൂസ്സാ)-ത്തിനുള്ള വിഹിതം കേരളത്തിന് നഷ്ടപ്പെടാനിടയായി. സെൽഫ് ഫൈനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.ഇ നിലവാരത്തിൽ അദ്ധ്യാപകരുടെ ശമ്പളം ഉറപ്പാക്കുന്നതിനും വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും വിജയശതമാനം കുറഞ്ഞ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നതിനും നടപടി സ്വീകരിക്കണം. ഭരണഘടനാ വിരുദ്ധമായി പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കാൻ നടപടിയുണ്ടാകണം. വൈസ് ചാൻസലറുടെ പദവിക്കുമുകളിൽ ഒരു അധികാരിയെയും നിയമിക്കാൻ പാടില്ല. വിദ്യാഭ്യാസ മേഖല അഴിമതി വിമുക്തമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ബില്ലിന്മേൽ പൊതുജനാഭിപ്രായം തേടാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. കെ. രാജു:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ബിൽ

നിയമമാക്കുന്നതിനുമുമ്പ് പൊതുജനങ്ങളുമായി ഒരു ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം. കേരളത്തിൽ ഒരു ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്) നിലനിൽക്കെ ശാസ്ത്രത്തെ ഒഴിവാക്കി സാങ്കേതിക വിദ്യയുടെ വളർച്ചമാത്രം മുന്നിൽക്കണ്ടുകൊണ്ടുള്ള ഒരു സർവ്വകലാശാലയുടെ ആവശ്യകതയുണ്ടോയെന്ന് പരിശോധിക്കണം. ബില്ലിലെ ക്ലാസ് 12-ൽ സർവ്വകലാശാലയ്ക്ക് ഒരു ചെയർമാനെ നിയമിക്കാമെന്നും ചാൻസലറുടെ അഭാവത്തിൽ ചെയർമാൻ ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കേണ്ടതാണെന്നും ചെയർമാനായി ഒരു വ്യവസായിയെ നിയമിക്കാമെന്നും പറഞ്ഞിട്ടുണ്ട്. ഒരു പ്രമുഖ വ്യവസായിയെ ഈ സ്ഥാനത്തേയ്ക്ക് അവരോധിക്കുന്നതിനും സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിനും വേണ്ടിയുള്ള നീക്കമാണ് ഇതെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ ബില്ലിൽ സമൂലമായ മാറ്റം ആവശ്യമാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ അക്കാദമിക് നിലവാരം താഴുകയും സംവരണതത്വം അട്ടിമറിക്കപ്പെടുകയും ചെയ്യുന്നുണ്ട്. യൂണിവേഴ്സിറ്റികളുടെ നിലവാരവും സാങ്കേതികത്തികവും പ്രാധാന്യമർഹിക്കുന്നതാണ്. സർവ്വകലാശാലാ ജീവനക്കാരുടെ നിയമനരീതി, വിദ്യാർത്ഥികളുടെ പ്രവേശനം എന്നിവ സംബന്ധിച്ച് സുവ്യക്തമായ വ്യവസ്ഥകൾ ബില്ലിൽ

ഉൾപ്പെടുത്തണം. വിദ്യാഭ്യാസ രംഗം സംശുദ്ധമാക്കുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് ജാഗ്രതയോടുകൂടിയ പ്രവർത്തനങ്ങളുണ്ടാകണം. സ്വാശ്രയ മാനേജ്മെന്റുകളെ അതിരറ്റ് സഹായിക്കുന്ന നിലപാട് അവസാനിപ്പിക്കുന്നതോടൊപ്പം വിദ്യാഭ്യാസ മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്യണം. വിദ്യാഭ്യാസ മേഖലയിലെ ഒഴിഞ്ഞുകിടക്കുന്ന ഉന്നതസ്ഥാനങ്ങളിൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. താക്കോൽസ്ഥാനങ്ങളിൽ തൽപ്പരകക്ഷികളെ നിയമിക്കാനുള്ള നീക്കം ഉപേക്ഷിക്കണം.

ശ്രീ. വി. റ്റി. ബൽറാം: 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-07-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സംസ്ഥാനം സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കുകയും നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഗുണനിലവാരം അന്തർദ്ദേശീയ നിലവാരത്തിനനുസൃതമായി മുന്നോട്ടുകൊണ്ടുപോകാൻ

കഴിയണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ സചേതനമാക്കുക എന്ന ഉദ്ദേശ്യത്തോടെയുമാണ് ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന കേന്ദ്ര പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും ഒരു സ്വതന്ത്ര സർവ്വകലാശാലയുടെ കീഴിൽ കൊണ്ടുവരികയാണെങ്കിൽ സാങ്കേതിക വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും സംസ്ഥാനത്തിന് അക്കാദമിക മേന്മ കൈവരിക്കാനും അതുവഴി വലിയ സർവ്വകലാശാലയായി മാറാനും കഴിയും. പുതിയ കാഴ്ചപ്പാടുകളും സമീപന രീതിയുമുള്ള ശാസ്ത്രസാങ്കേതിക സർവ്വകലാശാല എന്ന ആശയം അനിവാര്യമായി വന്നിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ അതിന്റെ ഭാവിയെക്കുറിച്ച് സസൂക്ഷ്മം പരിശോധിക്കേണ്ടതാണ്. കേരളത്തിലെ എല്ലാ എഞ്ചിനിയറിംഗ് കോളേജുകളെയും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിനും അന്തർദ്ദേശീയ നിലവാരത്തിലുള്ള കോഴ്സുകൾ സംഘടിപ്പിച്ച് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള വിദ്യാർത്ഥികളെ ആകർഷിക്കുന്ന വിധത്തിൽ മികവിന്റെ കേന്ദ്രമാക്കുന്നതിനും പ്രാമുഖ്യം നൽകണം. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ മികവിന്

പ്രാധാന്യം നൽകണം. സാങ്കേതിക വിദ്യാഭ്യാസ സിലബസുകൾ കാലാനുസൃതമായി പരിഷ്കരിച്ചുകൊണ്ട് ക്രെഡിറ്റ് ബേസ്ഡ് സെമസ്റ്റർ സിസ്റ്റത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂഷൻ ഇന്ററാക്ഷൻ സെൽ രൂപീകരിച്ച് വ്യവസായ സ്ഥാപനങ്ങളിലെ ടെക്നോളജി അപ്ഡേഷനുമായി സഹകരിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് തൊഴിൽ സാഹചര്യമുണ്ടാക്കണം. സ്റ്റാർട്ട് അപ്പ്-കൾക്ക് പ്രോത്സാഹനം കൊടുക്കുന്ന നയം ബില്ലിൽ ഉറപ്പുവരുത്തണം. പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തി ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പേറ്റന്റ് ഉറപ്പുവരുത്തുന്നതിനും വ്യാവസായികമായി പ്രയോജനപ്പെടുത്തുന്ന തരത്തിലേയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മാറ്റുന്നതിനുമുള്ള നടപടികളുണ്ടാകണം. സർവ്വകലാശാലകളിൽ വൈസ് ചാൻസലറാണ് സ്വാഭാവികമായും ഭരണപരമായ കാര്യങ്ങളുടെ അധികാരി. ആയതിനാൽ ചെയർമാൻ എന്ന പദവി എത്രത്തോളം അനിവാര്യമാണെന്നതിനെക്കുറിച്ച് പുനർവിചിന്തനം നടത്തേണ്ടതുണ്ട്. ഒരു സാങ്കേതിക സർവ്വകലാശാലയുടെ തലപ്പത്ത് ഒരു വ്യവസായി വരാൻ പാടില്ല. എന്നാൽ ടെക്നോളജി റിലേറ്റഡ് വ്യവസായിയാണെങ്കിൽ കുഴപ്പമില്ല. വൈസ് ചാൻസലറുടെയും പ്രോ-വൈസ്-ചാൻസലറുടെയും പ്രായപരിധിയിൽ കൃത്യത വരുത്തണം. തൃശ്ശൂർ

ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിനെ സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനമാക്കി നിശ്ചയിക്കണം. സർവ്വകലാശാലയുടെ എല്ലാ നിയമനങ്ങളും സുതാര്യവും നിഷ്പക്ഷവുമായിരിക്കണം. മികവ് മാത്രം ലക്ഷ്യം വച്ചുകൊണ്ട് അടുത്ത തലമുറയെ വൈജ്ഞാനിക സമൂഹമായി മാറ്റാൻ കഴിയുന്ന വിധത്തിലുള്ള ഒരു സർവ്വകലാശാലയായിരിക്കണം ഇത്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: 2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ ഒരു സെലക്ട് കമ്മിറ്റയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്കും സാങ്കേതിക വിദ്യാഭ്യാസത്തിനും ഉന്നതമായ ഒരു പൈതൃകമുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള നിരവധി വ്യക്തികളെ ഇന്ത്യയ്ക്ക് സംഭാവന ചെയ്ത ചരിത്രമാണ് കേരളത്തിനുള്ളത്. അതിനാൽ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ വിദ്യാഭ്യാസ മികവ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. സാങ്കേതിക വിദ്യാഭ്യാസമേഖലയെ തകർക്കുന്ന രീതിയിലുള്ള സ്വാശ്രയ കോളേജുകളുടെ സമീപനം അവസാനിപ്പിക്കണം. അൺ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതയും വേതനവും ഉറപ്പുവരുത്തണം.

അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നയം ആവിഷ്കരിക്കുന്നതിനും പരീക്ഷാ നടത്തിപ്പിൽ ഉണ്ടാകുന്ന ക്രമക്കേട് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തണം. സാങ്കേതിക വിദ്യാഭ്യാസത്തെ കച്ചവടമാക്കി മാറ്റുന്ന ഗവൺമെന്റ് നിലപാടിൽ മാറ്റം വരുത്തണം. കാലടി-കേരള-കോഴിക്കോട് സർവ്വകലാശാലകളുടെ ദൈനംദിന പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ശക്തമായി ഇടപെടണം. സാങ്കേതിക സർവ്വകലാശാല ബിൽ കൊണ്ടുവന്നതുകൊണ്ടുമാത്രം ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകില്ല. ഈ ബില്ലിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. കെ. അജിത്: ബില്ലിനെ എതിർക്കുന്നു. സെൽഫ് ഫിനാൻസ് കോളേജുകൾക്കുവേണ്ടി സർക്കാർ ചെലവിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനപ്പുറം യാതൊരുവിധ പ്രാധാന്യവും ഈ ബില്ലിനില്ല. ഈ സർവ്വകലാശാലയുടെ ചെയർമാൻ വ്യവസായായിരിക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് സ്വാശ്രയ കോളേജുകളുടെ അധിപന്മാരാകാനായി ചില ആൾക്കാരെ മുൻകൂട്ടി ലക്ഷ്യംവച്ചുകൊണ്ടാണ് എന്നുള്ളത് വസ്തുതയാണ്. ഈ സർവ്വകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ

നിയമിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതെല്ലാം പിൻവാതിൽ നിയമനത്തിലേയ്ക്കുള്ള വഴി തെളിക്കുന്നതാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ കഴിയണം. പണം കൊടുത്ത് വിദ്യാഭ്യാസം വാങ്ങാനും അതിലൂടെ ഗുണനിലവാരമില്ലാത്ത ആളുകളെ ഉന്നതസ്ഥാനങ്ങളിലെത്തിക്കുവാനും കഴിയുമെന്നതിനാൽ ഈ സർവ്വകലാശാലയെക്കുറിച്ച് ഒരു പൊതുവായ ചർച്ച അനിവാര്യമാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ബില്ലിനെ അനുകൂലിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ ശാസ്ത്രസാങ്കേതിക സർവ്വകലാശാലയെന്ന സങ്കൽപ്പം ഏറ്റവും അനുയോജ്യമാണ്. ശാസ്ത്രസാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്ന കലാലയങ്ങളെ അഫിലിയേറ്റ് ചെയ്ത് ഗവേഷണങ്ങളും ലോകനിലവാരത്തിലുള്ള പഠനവും കുട്ടികൾക്ക് കിട്ടുന്നതിനുള്ള കാലോചിതമായ സംരംഭമാണ് ശാസ്ത്ര സാങ്കേതിക സർവ്വകലാശാല. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശാസ്ത്രത്തിനുണ്ടായിട്ടുള്ള പങ്ക് വളരെ വലുതാണ്. സ്വന്തമായി അറിവ് ആർജ്ജിക്കുവാൻ സാധിക്കത്തക്ക രീതിയിൽ ചെറുപ്പക്കാരെ വാർത്തെടുക്കുവാൻ ശാസ്ത്രസാങ്കേതിക മേഖലയിലെ ഗവേഷണങ്ങളും പഠനങ്ങളും ആവശ്യമാണ്. അനന്ത സാധ്യതകളുള്ള ശാസ്ത്രത്തിന് മനുഷ്യജീവിതത്തിൽ പല മാറ്റങ്ങളും

വരുത്താൻ സാധിക്കും. ശാസ്ത്രസാങ്കേതിക മേഖലയിൽ ഭാവനാ സമ്പന്നമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. പുതിയ സർവ്വകലാശാലകൾ രൂപീകരിക്കുന്ന കാര്യത്തിൽ കാലോചിതമായ സങ്കൽപ്പം ആവശ്യമാണ്. കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം കേരളത്തിലെവിടെയായാലും അതിന്റെ ചെയർമാനായി ഒരു വ്യവസായിയെ നിയമിക്കേണ്ടതുണ്ടോ യെന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം. എന്നാൽ വ്യാവസായിക രംഗത്തെ ഒരാളെ ഗവേണിംഗ് കൗൺസിലിൽ കൊണ്ടുവരുന്നതുകൊണ്ട് കുഴപ്പമില്ല. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മി ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പുതിയ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലൂടെ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ചിന്തിക്കുവാനും ഗവേഷണം നടത്തുവാനും പുതിയ സാങ്കേതിക വിദ്യ വികസിപ്പിക്കുവാനും ആവശ്യമായ സഹായം നൽകണം. വൈവിധ്യമാർന്ന കോഴ്സുകൾ പഠിപ്പിക്കുന്നതിനും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ലോകനിലവാര മുള്ള സർവ്വകലാശാലകളുമായി സഹകരിപ്പിച്ചുകൊണ്ട് പുതിയ അറിവുകൾ നേടിയെടുക്കുന്നതിനുമുള്ള ശ്രമമുണ്ടാകണം. ഇൻഫർമേഷൻ ടെക്നോളജി മനുഷ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്നുള്ള സന്ദേശം ലോകത്തിനു

നൽകണം. മികച്ച എഞ്ചിനീയർമാരെയും കഴിവുറ്റ മാനേജ്മെന്റ് വിദഗ്ദ്ധന്മാരെയും വാർത്തെടുക്കുന്നതോടൊപ്പം അവർക്ക് സംസ്ഥാനത്തുതന്നെ തൊഴിൽ ലഭിക്കുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സാധിക്കും. കെ.ബി.പി.എസ്-ന് യഥാസമയം പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കാൻ സാധിക്കാത്തതിനാൽ സർക്കാർ പ്രസ്സിനെയും സി-ആപ്റ്റ്-നെയുമാണ് ഇപ്പോൾ ഈ ജോലി ഏൽപ്പിച്ചിരിക്കുന്നത്. ഉദ്ദേശശുദ്ധിയോടുകൂടിയാണ് സർക്കാർ എല്ലാ കാര്യങ്ങളും ചെയ്യുന്നത്. ആർ.എം.എസ്.എ സ്കൂളുകളിൽ തമിഴ് അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട പാക്കേജ് ക്യാബിനറ്റ് തീരുമാനത്തിന് വിധേയമായി നടപ്പിലാക്കുന്നതാണ്. ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**റൂളിംഗ്**

**അഴിമതിയാരോപണം ഉന്നയിക്കുന്നത് സംബന്ധിച്ച്**

മി. സ്പീക്കർ: ബില്ലിന്റെ ചർച്ചയിൽ അഴിമതിയാരോപണം

ഉന്നയിക്കുന്നത് ശരിയല്ല. അഴിമതിയാരോപണം ചെയറിന് നേരത്തെ എഴുതിത്തരികയും അതിന്റെ പകർപ്പ് ബന്ധപ്പെട്ട മന്ത്രിക്ക് കൊടുത്ത് മറുപടി പറയാനുള്ള അവസരം നൽകുകയും വേണം. മന്ത്രിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ രേഖയിൽ നിന്നും നീക്കം ചെയ്യുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭ നിരാകരിച്ചു.

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി

പരിധി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ഗവൺമെന്റ് ഗാരണ്ടി 15,000 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളം വച്ച് തടസ്സപ്പെടുത്തിയതിനാൽ 1 (എ) ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

ശ്രീ. കെ. ശിവദാസൻ നായർ: 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗവൺമെന്റിന്റെ ഡിസ്ക്രീഷൻ അനുസരിച്ച് ഗാരണ്ടി കമ്മീഷൻ നിശ്ചയിക്കേണ്ട അമെന്റ്മെന്റ് ഇതിൽ വന്നിട്ടില്ല. ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് ഉണ്ടാക്കണമെന്ന് ആക്ടിൽ വ്യവസ്ഥചെയ്യുന്നുണ്ട്. ഗാരണ്ടി കമ്മിഷൻ ഗവൺമെന്റിന്റെ വരുമാനമാർഗ്ഗമെന്ന നിലയിൽ ഫിനാൻസ്

ഡിപ്പാർട്ടുമെന്റ് കാണുന്നത്  ആക്ടിന്റെ ഉദ്ദേശത്തിനുതന്നെ എതിരാണ്. 2003-ലെ നിയമത്തിന് ഇതുവരെയും റൂൾസ് ഉണ്ടാക്കിയിട്ടില്ല. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന അമന്റ്മെന്റ് അനിവാര്യമാണ്.  ഗവൺമെന്റിന്റെ ഡിസ്ക്രീഷനു വേണ്ടിയുള്ള ഒരു അമെന്റ്മെന്റുംകൂടി ഇതിൽ കൊണ്ടുവരണം.

ഭേദഗതി  സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.

*********